# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3460 25.06.2012 -ൽ മറുപടിയ്ക്ക്

### ടി. പി. ചന്ദ്രശേഖരന് പോലീസ് സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കൊലചെയ്യപ്പെട്ട ടി. പി. ചന്ദ്രശേഖരന്റെ ജീവന് ഭീഷണി ഉണ്ടെന്ന് പോലീസിന് വിവരം ലഭിച്ചത് എപ്പോഴാണ് ; എവിടെ നിന്ന് വിവരം ലഭിച്ചു ; ചന്ദ്രശേഖരൻ ഇക്കാര്യത്തിൽ കത്ത് നൽകുകയുണ്ടായോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ; | (എ) | റവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടിയുടെ രൂപീകരണം മുതൽക്കുതന്നെ ടി. പി. ചന്ദ്രശേഖരനും മറ്റ് ആർ. എം. പി. പ്രവർത്തകർക്കും ഭീഷണിയുള്ളതായി പോലീസ് മനസ്സിലാക്കിയിരുന്നു. ഇത് സംബന്ധിച്ച് 19.11.2010 - ന് പോലീസ് ഇന്റലിജൻസ് വിഭാഗം അറിയിപ്പ് നൽകിയിരുന്നു. സി. പി. എം. പ്രവർത്തകരും ആർ. എം. പി. പ്രവർത്തകരും തമ്മിലുള്ള അനിഷ്ട സംഭവങ്ങളുടേയും അതോടനുബന്ധിച്ചുണ്ടായ പോലീസ് കേസ്സുകളുടെയും പശ്ചാത്തലത്തിൽ 22.02.2012 ന് ടി. പി. ചന്ദ്രശേഖരന്റെ ജീവനു ഭീഷണിയുള്ളതായി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ജില്ലാ പോലീസ് മേധാവിയെ അറിയിച്ചിരുന്നു. കൂടുതൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ പോലീസ് മേധാവിക്കും, റേഞ്ച് ഡി. ഐ. ജി.ക്കും സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗം ജാഗ്രത അറിയിപ്പ് നല്കിയിരുന്നു. ടി. പി. ചന്ദ്രശേഖരൻ പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് കത്തൊന്നും നല്കിയിട്ടില്ല. |
| ബി) | ചന്ദ്രശേഖരന് പോലീസ് സംരക്ഷണം നൽകാൻ തീരുമാനിച്ചിട്ടും അദ്ദേഹത്തിന്റെ വിസമ്മതംമൂലം അത് നൽകാൻ കഴിയാതെവന്നിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| സി) | പോലീസ് സംരക്ഷണം നൽകാൻ തീരുമാനിച്ചത് എപ്പോഴായിരുന്നു ; പ്രസ്തുത വിവരം അദ്ദേഹത്തെ ആര് എപ്പോൾ അറിയിച്ചു ;അദ്ദേഹത്തിന് നൽകിയ അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (സി) | ചന്ദ്രശേഖരന്റെ, ജീവന് ഭീഷണിയുണ്ടെന്നും പേഴ്സണൽ സെക്യൂരിറ്റി ഓഫീസറെ നിയമിക്കേണ്ട ആവശ്യകതയുണ്ടെന്നും ജില്ലാ പോലീസ് മേധാവി ചന്ദ്രശേഖരനെ ബോധ്യപ്പെടുത്തിയിരുന്നു. ജില്ലാ സ്പെഷ്യൽ |

| | | | |
|---|---|---|---|
| | | | ബ്രാഞ്ച് ഡി.വൈഎസ്.പി., ശ്രീ ടി. പി. ചന്ദ്രശേഖരനെ നേരിൽ കണ്ട് ടിയാന് ജീവന് ഭീഷണിയുള്ളതായി ബോധ്യപ്പെടുത്തി. പേഴ്സണൽ സെക്യൂരിറ്റി ഓഫീസറെ അനുവദിക്കാമെന്ന് ആവർത്തിച്ച് പറഞ്ഞെങ്കിലും, ചന്ദ്രശേഖരൻ തനിക്ക് പേഴ്സണൽ സെക്യൂരിറ്റി ഓഫീസറെ ആവശ്യമില്ലായെന്ന് പറഞ്ഞിട്ടുള്ളതാണ്. പോലീസ് സംരക്ഷണം നൽകാമെന്ന കാര്യം നേരിട്ട് അറിയിക്കുകയാണ് ചെയ്തിട്ടുള്ളത്. |
| ഡി) | പോലീസ് സംരക്ഷണത്തിന് ചന്ദ്രശേഖരൻ വിസമ്മതം അറിയിക്കുകയുണ്ടായോ; എങ്കിൽ ആരെ എപ്പോൾ അറിയിച്ചു എന്ന് വ്യക്തമാക്കാമോ; വിസമ്മതം അറിയിച്ചു കൊണ്ടുള്ള രേഖയുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ? | ഡി) | വിസമ്മതം അറിയിച്ചിരുന്നു. 23.02.2012 – ലും അതിനുശേഷം പല ദിവസങ്ങളിലും ജില്ലാ പോലീസ് മേധാവിയെയും, സ്പെഷ്യൽ ബ്രാഞ്ച് ഡി. വൈ. എസ്. പി. യേയും, ടി. പി. ചന്ദ്രശേഖരൻ നേരിട്ടുള്ള സംഭാഷണത്തിൽ വിസമ്മതം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ